# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 285* | 22.06.2012-ൽ മറുപടിക്ക് |
|---|---|

## ജുവനൈൽ ജസ്റ്റിസ് നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കുട്ടികൾക്കായുള്ള അനാഥാലയങ്ങളെ ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ദി ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ ആന്റ് കൺട്രോൾ) ആക്ട് 1960 കുട്ടികളെ സംബന്ധിച്ച് ഒരു പൊതു നിർവചനം മാത്രമാണ് നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാർ കാലാ കാലങ്ങളിലുള്ള സാമൂഹ്യ സാമ്പത്തിക അവസ്ഥകൾ പരിഗണിച്ച് കുടുംബ വാർഷിക പരിധിയുടെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ച് നിർദ്ധനരായ കുട്ടികളെ ഈ ആക്ടിന്റെ പരിധിയിലെ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുവാൻ അനുമതി നൽകി വരുന്നു. ജുവനൈൽ ജസ്റ്റിസ് ആക്ടിൽ നിർവചിക്കപ്പെട്ടിട്ടുള്ള 9 വിഭാഗത്തിൽ ഏതെങ്കിലും ഒന്നിൽ വന്നെങ്കിൽ മാത്രമേ കുട്ടി പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരികയുള്ളു. നിലവിൽ ഓർഫനേജുകളിൽ സംരക്ഷിച്ചു വരുന്ന കുട്ടികളിൽ ജെ.ജെ.ആക്ട് സെക്ഷൻ 2 (ഡി)-യുടെ നിർവചനത്തിൽപ്പെടുത്തുവാൻ കഴിയുന്നതല്ല. ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഓർഫനേജ് ആക്ടിൽ നിന്ന് നീക്കം ചെയ്യുന്ന കാര്യം പരിഗണിച്ചു വരികയാണെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം കേരളം പോലെയുള്ള സംസ്ഥാനത്ത് വളരെ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നതാണ്. ജുവനൈൽ ജസ്റ്റിസ് ആക്ട് ഒരു ചെറു വിഭാഗം കുട്ടികൾക്കു മാത്രമേ സേവനം നൽകി വരുന്നുള്ളു. എന്നാൽ ഓർഫനേജ് ആക്ടിന്റെ പരിധിയിൽ സാമ്പത്തികശേഷി കുറഞ്ഞ കുട്ടികൾക്കാണ് സേവനം നൽകി |

| | | | |
|---|---|---|---|
| | | | വരുന്നത്. ഈ സേവനം നിറുത്തലാക്കിയാൽ പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ ഭാവി ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ജെ.ജെ.ആക്ട് സെക്ഷൻ 2 (ഡി)യിൽ ഉൾപ്പെടുന്ന ഒരു കുട്ടിക്ക് കുടുംബം ഇല്ലാതിരിക്കുകയോ, മറ്റ് പിന്തുണ ഇല്ലാതിരിക്കുകയോ ചെയ്യുന്ന പക്ഷം മാത്രമാണ് ചിൽഡ്രൻസ് ഹോമിൽ പ്രവേശനം അനുവദിക്കാറുളളത്. കുടുംബത്തിലുളള ഒരു കുട്ടിയെ നിലവിൽ കുടുംബത്തിന്റെ വരുമാനം കുറവാണെന്ന കാരണത്താൽ ആക്ട് പ്രകാരം ചിൽഡ്രൻസ് ഹോമിൽ പ്രവേശിപ്പിക്കുവാൻ പാടില്ല. എന്നു മാത്രമല്ല സെക്ഷൻ 2 (ഡി) പ്രകാരം "ചൈൽഡ് ഇൻ നീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ" എന്ന് നിർവചിച്ച് ചിൽഡ്രൻസ് ഹോമുകളിൽ ആകുന്ന കുട്ടികളെ അഡോപ്ഷൻ, ഫോസ്റ്റർ കെയർ എന്നീ പദ്ധതികൾ പ്രകാരം പുനരധിവസിപ്പിക്കേണ്ടതുമാണ്.നിലവിൽ ഓർഫനേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിലെ മാതാപിതാക്കൾ ഉളള കുട്ടിയെ യാതൊരു കാരണവശാലും ഇപ്രകാരം ചെയ്യുവാൻ കഴിയുന്നതല്ല. |
| (സി) | ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തയ്യാറാകുമോ; | (സി) | നിയമപരമായ പരിശോധന ആവശ്യമാകയാൽ ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലായതിനാൽ വിശദാംശം വ്യക്തമാക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. |

Jayasree

സെക്ഷൻ ഓഫീസർ